## പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം — 04.02.2014-ലെ മറുപടിക്ക്

നമ്പർ : 4519

## ഡോ.പൗലോസ് ജേക്കബ് സൗജന്യമായി നൽകിയ ഭൂമി

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. ജോസ് തെറ്റയിൽ | | ശ്രീ. അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| (എ) പൊതുമരാമത്ത് റോഡിലെ ബെൽമൗത്തിന്റെ വികസനത്തിനായി അങ്കമാലി ഫെഡറൽബാങ്ക് ജംഗ്ഷനിലെ കുരൻ വീട്ടിൽ ഡോ.പൗലോസ് ജേക്കബ് ഫ്രീ സറണ്ടർ ആയി നൽകിയ സർവ്വെ നമ്പർ 458/17-3 ബ്ലോക്ക് 11-ൽ പ്പെട്ട 3 സെന്റ് ഭൂമിയെ സംബന്ധിച്ച വില്ലേജ് റെക്കോർഡുകളിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തുന്നതിനായി ഫോർട്ട്കൊച്ചി ആർ.ഡി.ഒ.യുടെ ഉത്തരവ് (എഫ്.4840/12 കെ.ഡിസ്. തീയതി 08.11.2012) നടപ്പിലാക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടി എന്തെന്ന് വ്യക്തമാക്കാമോ; | (എ) | ഫോർട്ട് കൊച്ചി ആർ.ഡി.ഒയുടെ എഫ്-4840/12/കെ.ഡിസ് നമ്പർ ഉത്തരവ് അങ്കമാലി വില്ലേജ് ഓഫീസർക്ക് വില്ലേജ് റിക്കാർഡുകളിൽ മാറ്റം വരുത്തുന്നതിനായി അയച്ചു കൊടുത്തിട്ടുള്ളതാണ്. എന്നാൽ ബഹു.ആലുവ മുൻസിഫ് കോടതിയിൽ ശ്രീ.ബേബി മുതൽപേർ ഒ.എസ്.25/13 ആയി കേസ് ഫയൽ ചെയ്തിട്ടുള്ളതിനാൽ ഉത്തരവ് നടപ്പിലാക്കാൻ സാധിച്ചിട്ടില്ല. |
| (ബി) പ്രസ്തുത ഉത്തരവ് നടപ്പിലാക്കുന്നതിലെ കാലതാമസത്തിന്റെ കാരണം വിശദമാക്കാമോ; | ബിയും സിയും | 2011-ൽ നൽകിയ അപേക്ഷയിൽ ആലുവ തഹസീൽദാരുടെ കേരള ഭൂമി വിട്ടൊഴിയൽ നിയമ പ്രകാരമുള്ള റിപ്പോർട്ടുകൾ വാങ്ങിയതിന് ശേഷം ആക്ഷേപം ബോധിപ്പിക്കുവാൻ സമയം നൽകി ഫോം സി നോട്ടീസ് പ്രസിദ്ധപ്പെടുത്തുകയും ആക്ഷേപം ഫയൽ ചെയ്തവരെ വിചാരണ നടത്തി ആക്ഷേപം തീർപ്പാക്കിയതിന് ശേഷമാണ് ഭൂമി വിട്ടൊഴിയൽ അപേക്ഷ സ്വീകരിച്ചുത്തരവായിട്ടുള്ളത്. അതിനാലാണ് ഉത്തരവ് നൽകുവാൻ കാലതാമസം നേരിട്ടത്. ആലുവ മുൻസിഫ് കോടതിയിൽ നിലനിൽക്കുന്ന ഒ.എസ് 25/13-ാം നമ്പർ കേസിലെ അന്തിമ ഉത്തരവിന് അനുസൃതമായി മാത്രമേ ഇക്കാര്യത്തിൽ തുടർനടപടി സ്വീകരിക്കാൻ സാധിക്കുകയുള്ളൂ. |
| (സി) അങ്കമാലി കുരൻ വീട്ടിൽ ഡോ.പൗലോസ് ജേക്കബ് ഫ്രീ സറണ്ടറായി നൽകുന്നതിനുള്ള അപേക്ഷ 2011-ൽ നൽകിയിട്ടും പ്രസ്തുത ഭൂമി ഏറ്റെടുക്കുന്നതിൽ വന്നിട്ടുള്ള കാലതാമസത്തിന് കാരണം വിശദമാക്കാമോ? | | |

സെക്ഷൻ ഓഫീസർ